വയനാട്ടിലെ കർഷകർ എടുത്തിട്ടുള്ള വായ്പ എഴുതിത്തള്ളാൻ നടപടി

256 [2310] ശ്രീ. എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കർഷകരുടെ കടബാദ്ധ്യതയെപ്പറ്റി പഠിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ അതിനുള്ള ഏർപ്പാടുണ്ടാക്കാമോ;

(ബി) പ്രസ്തുത ജില്ലയിലെ കർഷകരുടെ കടബാദ്ധ്യത ശരാശരി എന്ത് വരുമെന്ന് കണക്കാക്കപ്പെടുന്നു;

(സി) പ്രസ്തുത ജില്ലയിലെ വാണിജ്യ വിളകൾ ഇക്കഴിഞ്ഞ വരൾച്ചക്കാലത്ത് നശിച്ചുപോയതിന്റെ ഫലമായി കർഷകരുടെ വായ്പയും പലിശയും തിരിച്ചടക്കാനുള്ള കഴിവ് മിക്കവാറും നശിച്ചുകഴിഞ്ഞിട്ടുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ വയനാട്ടിലെ കർഷകർ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പയും അതിന്റെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളി കർഷകരെ സഹായിക്കുമോ;

(ഇ) ഇപ്രകാരം ചെയ്യുന്നപക്ഷം ഒട്ടാകെ എത്ര തുക വയനാട് ജില്ലയിൽ മാത്രം എഴുതി തള്ളേണ്ടതായി വരുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സർക്കാർ പഠനം നടത്തിയിട്ടില്ല. ഇപ്പോൾ പരിഗണനയിലില്ല.

(ബി) കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ വയനാട് ജില്ലയിലെ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ജോയിന്റ് രജിസ്ട്രാർ മുഖേന അന്വേഷണം നടത്തിയതിൽ മുതലും അതിന്മേലുള്ള പലിശയും പിഴപ്പലിശയും ഉൾപ്പെടെ 32,496.13 ലക്ഷം രൂപ കടബാദ്ധ്യതയുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തിയിട്ടില്ല.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ഇ) കൃത്യമായി കണക്കാക്കിയിട്ടില്ല.

വരൾച്ച കെടുതികളെ നേരിടുവാൻ നബാർഡ് നല്കിയ തുക

257 [2311] ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

,, എം. മുരളി:

,, എം. പി. ഗംഗാധരൻ:

,, സി. പി. മുഹമ്മദ്:

,, ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വരൾച്ചാക്കെടുതികളെ നേരിടുവാൻ നബാർഡ് എന്ത് തുകയുടെ വായ്പ നല്കി;

LIBRARY ARCHIVES Kerala Legislative Assembly